# M.J.S.S.A. വാർഷിക പരീക്ഷ - 2022

**Class IV** **Marks - 45+5= 50**
**Time - 2.30 Hrs**

**I. ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം കണ്ടെത്തി എഴുതുക. (ഏതെങ്കിലും 8 എണ്ണം)** **8x1 =8**

1. പെസഹായ്ക്ക് എത്ര ദിവസം മുമ്പാണ് ഓശാനപ്പെരുന്നാൾ ആഘോഷിക്കുന്നത് (അഞ്ച്, ഏഴ്, മൂന്ന്)
2. ശിംശോന്റെ പിതാവാര് (ഇസഹാക്ക്, മനോഹ, യൗനാൻ)
3. സക്കായിക്ക് യേശുവിനെ കാണുവാനുള്ള തടസ്സം എന്തായിരുന്നു (ഉയരക്കുറവ്, മരങ്ങൾ, ജനക്കൂട്ടം)
4. സൗഖ്യം പ്രാപിച്ച 10 കുഷ്ഠരോഗികളിൽ മടങ്ങി വന്ന് യേശുവിനോട് നന്ദി പറഞ്ഞയാൾ ഏത് ദേശക്കാരനായിരുന്നു (സോരക്ക്, ബാബേൽ, ശമര്യ)
5. ആഹാബിന് മുന്നറിയിപ്പ് നൽകിയ ദീർഘദർശിയാര് (ഏലിയ, ശിംശോൻ, ഗിദയോൻ)
6. യേശു ശിഷ്യന്മാരുടെ കാൽ കഴുകുമ്പോൾ തന്റെ കാൽ കഴുകുന്നത് വിലക്കിയ ശിഷ്യനാര് (വി.യോഹന്നാൻ, വി.പത്രോസ്, വി.അന്ത്രയോസ്)
7. ദൈവം ജനങ്ങളുടെ ഭാഷ കലക്കി കളഞ്ഞ സ്ഥലം ഏത് (യരീഹോ, മെസ്രേൻ, ബാബേൽ)
8. പായസത്തിന് വേണ്ടി ജ്യേഷ്ഠാവകാശം വിറ്റതാര് (ഏശാവ്, യാക്കോബ്, ഇസഹാക്ക്)
9. കർത്തൃദിവസം എന്നറിയപ്പെടുന്ന ദിവസം ഏത് (ശനി, വെള്ളി, ഞായർ)
10. രാജാവായ യേഹുവിന്റെ കൽപ്പനപ്രകാരം കൊട്ടാര ജോലിക്കാർ മാളികമുകളിൽ നിന്ന് വലിച്ചെറിഞ്ഞതാരെ ( ഇസബേൽ, ആഹാബ്, ദലീല)

**II. പൂരിപ്പിക്കുക. (ഏതെങ്കിലും 4 എണ്ണം)** **4x1=4**

11. ദൈവഭക്തി ................... ആരംഭമാകുന്നു.
12. ഇയ്യോബിനുണ്ടായിരുന്ന സകലവും .......................... ഇരട്ടിയായി വർദ്ധിപ്പിച്ച് കൊടുത്തു.
13. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. നിന്റെ ................................... നിന്നെ ജീവിപ്പിച്ചിരിക്കുന്നു.
14. ദൈവവുമായുള്ള സംസർഗ്ഗമാണ് ...........................................
15. എന്റെ .......................യുടെ ഉറവിടം അറിയുവാൻ ദലീല പലവിധത്തിൽ ശ്രമിച്ചു.

**III. ശരിയോ തെറ്റോ എന്നെഴുതുക. (ഏതെങ്കിലും 4 എണ്ണം)** **4x1 = 4**

16. കർത്താവ് സ്ഥാപിച്ച സഭയുടെ പ്രവർത്തനം ആരംഭിച്ചത് യേരുശലേമിൽ ആയിരുന്നു.
17. ഊശാനപ്പെരുന്നാൾ ദിവസമാണ് കാൽകഴുകൽ ശുശ്രൂഷ നടത്തപ്പെടുന്നത്.
18. മാർത്ത ഓടിചെന്ന് കർത്താവെ അങ്ങ് ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു എന്നു പറഞ്ഞു.
19. യേശു സംസാരിച്ച ഭാഷ അരമായ ആയിരുന്നു.
20. ജലപ്രളയം കഴിഞ്ഞ് നോഹിന്റെ മക്കൾ വർദ്ധിച്ച് ഭൂമിയിൽ നിറഞ്ഞ് അവർ കിഴക്ക് നിന്ന് പുറപ്പെട്ട് യരാഹോ ദേശത്ത് വന്ന് പാർത്തു.

**IV. ചേരുംപടി ചേർക്കുക.** **4x1 = 4**

21. മ്ശിഹ - പാറ
22. ജ്ഞാനികളിൽ ജ്ഞാനി - ബത് അനിയ
23. ലാസർ - ശലോമോൻ രാജാവ്
24. കീപ്പ - രക്ഷകൻ

**V. ആര് ആരോട് പഞ്ഞു (ഏതെങ്കിലും 2 എണ്ണം)** **2x1 = 2**

25. 'ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും'.
26. 'വിഷമിക്കേണ്ട , അങ്ങ് ആഗ്രഹിച്ചത് ഞാൻ നേടിത്തരും.'
27. 'ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്യുവാൻ വിവേകമുള്ളൊരു ഹൃദയം എനിക്ക് തരേണമെ'

*മറുപുറം*


**VI. ഉത്തരം എഴുതുക. (ഏതെങ്കിലും 3 എണ്ണം)** **3x4 =12**

28. താഴെ പറയുന്നവയിൽ നിന്നും വി.പത്രോസ് ശ്ലീഹായുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ ക്രമനമ്പർ എഴുതുക.

1. വെളിപാട് പുസ്തകം എഴുതി
2. എ.ഡി.37 ൽ അന്ത്യോഖ്യയിൽ സിംഹാസനം സ്ഥാപിച്ചു.
3. കീപ്പ എന്ന് വിളിക്കപ്പെട്ടു
4. സ്നേഹത്തിന്റെ അപ്പോസ്തോലൻ എന്നറിയപ്പെടുന്നു
5. തലകീഴ്യ് ക്രൂശിക്കപ്പെട്ടു.
6. സ്വാഭാവിക മരണം പ്രാപിച്ച ഏക കർതൃ ശിഷ്യൻ
7. ശ്ലീഹന്മാരിൽ ഒന്നാമൻ
8. കർത്താവിന്റെ ക്രൂശ് മരണത്തിന് സാക്ഷ്യം വഹിച്ചു.

| വി. പത്രോസ് |
| --- |
| |

29. ഇസ്രായേൽ ജനതയെ ഫറവോന്റെ അടിമത്വത്തിൽ നിന്ന് വിടുവിക്കുവാൻ ദൈവം 10 ബാധകൾ അയച്ചു. ചേർക്കാൻ വിട്ടുപോയവ എഴുതുക.



30. ഞായറാഴ്ച ആരാധനാ ദിവസമായി ആചരിക്കുന്നത് എന്തുകൊണ്ട് ?
31. പരീശ പ്രമാണിയായ ശീമോന്റെ ഭവനത്തിൽ പാപിനിയായ സ്ത്രീ യേശുവിനെ പരിചരിച്ചത് എങ്ങിനെ ?

**VII. ഡയറി കുറിപ്പ് / പ്രസംഗം തയ്യാറാക്കുക. (ഏതെങ്കിലും ഒന്ന്)** **1x4 =4**

32. "ദൈവം നമുക്ക് നൽകിയിട്ടുള്ള അവകാശമാണ് സ്വർഗ്ഗരാജ്യം" ഒരു ഡയറികുറിപ്പ് എഴുതുക.
33. 'പാപത്തിന്റെ വേതനം മരണമാകുന്നു' ആഹാബ് രാജാവിന്റെ ജീവിതം അടിസ്ഥാനമാക്കി പ്രസംഗം തയ്യാറാക്കുക.

**VIII. ആരാധനഗീതം എഴുതുക. ( നാല് വരി )** **1x3 =3**

34. അഖിലജഗൽ പതിയെ ........
.......................................... പടവായ് താൻ മൊറിയോറാഹേ.

**IX. പ്രാർത്ഥന എഴുതുക.** **1x4 =4**

35. എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു ........
.......................................... നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയം തിരിച്ചു.

**X.** 36. **സഭാചരിത്രം ക്ലാസ്സ് പ്രൊജക്റ്റ്.** **5 മാർക്ക്**